(എ) സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിലെയും പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്ന ഗവൺമെന്റ് ആശുപത്രികളിലെയും അദ്ധ്യാപന അദ്ധ്യയന നിലവാരം ഉയർത്തണമെന്ന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതേപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കുമോ ;

(സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ ചികിത്സ, പാരാമെഡിക്കൽ വിദ്യാഭ്യാസം ഇവ സംബന്ധിച്ചു ആക്ഷേപങ്ങളുണ്ടായിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇവയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ)

(എ & ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ നടത്തപ്പെടുന്ന പാരാമെഡിക്കൽ കോഴ്സുകളുടെ അദ്ധ്യാപന അദ്ധ്യയന നിലവാരം തൃപ്തികരമായതിനാൽ ഇതു സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

(സി) ഉണ്ട്

(ഡി) സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം, ചികിത്സ ഇവ നിരീക്ഷിക്കുന്നതിന് നിലവിൽ സംവിധാനങ്ങളൊന്നുമില്ല. എന്നാൽ സ്വകാര്യ ആശുപത്രികൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തുന്നതിനായി "കേരള പ്രൈവറ്റ് ഹോസ്പിറ്റൽ രജിസ്ട്രേഷൻ ആന്റ് റഗുലേഷൻ ബിൽ" എന്ന പേരിൽ ഒരു കരട് ബില്ല് തയ്യാറാക്കുകയുണ്ടായി. പ്രസ്തുത ബില്ലിന്റെ വിവിധ വശങ്ങൾ പരിശോധിച്ചു വരുന്നു.

നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട്

5 (*5) ശ്രീ. സി. മൊയിൻ കുട്ടി :
ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംവരണ വിഭാഗങ്ങൾക്ക് വരുമാന പരിധി നിർണ്ണയിക്കാനുള്ള ജസ്റ്റീസ് നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ശുപാർശയാണ് കമ്മിഷൻ റിപ്പോർട്ടിലുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ശുപാർശകളിൽ ഏതൊക്കെയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

(ഡി) മറ്റ് ശുപാർശകൾ സ്വീകരിക്കാതിരിക്കാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

(ഇ) കമ്മീഷൻ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) ഉണ്ട്

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) കമ്മീഷന്റെ ശുപാർശ (ii), (iii),(iv),(vii), എന്നിവ അതേപടിയും മറ്റുള്ളവ ഭേദഗതികളോടെയും സ്വീകരിച്ചിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) കോപ്പി മേശപ്പുറത്ത് വയ്ക്കുന്നു.

ദേശീയ അന്ധതാ നിയന്ത്രണ പദ്ധതി

6 (*6) ശ്രീമതി. ആർ. ലതാദേവി :
ശ്രീ. ജോസ് ബേബി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ അന്ധതാ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സഞ്ചരിക്കുന്ന നേത്ര ചികിത്സാ യൂണിറ്റുകൾ സംസ്ഥാനത്ത് ഇപ്പോൾ എത്ര എണ്ണമുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നേത്ര ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും നേത്ര ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) ദേശീയ അന്ധതാ നിയന്ത്രണ പദ്ധതി 100% കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. സംസ്ഥാനത്ത ഇപ്പോൾ നടപ്പാക്കി വരുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

---

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly